മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ആർ. എം. ഒ. യെപ്പോലെ ലേഡി ഡാക്ടർമാരിൽ ഒരാളെയെങ്കിലും ജനറലാശുപത്രിയിൽ താമസിപ്പിക്കുന്നതു് വലിയ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണൊ?

റാവുബഹദൂർ ടി. കെ. നായർ : ഒരു ലേഡി ഡാക്ടർ എപ്പോഴും വേണമെന്നും, എന്റെ സ്വന്തം അഭിപ്രായത്തിൽ നെഴ്സുമാരും, ഡാക്ടർമാരും, മിഡ്വൈഫുമാരും സർവ്വൻറസും എല്ലാം ആശുപത്രിക്കുള്ളിൽ താമസിക്കണമെന്നും, അതിനുവേണ്ട സൌകര്യം ഉണ്ടാക്കി കൊടുക്കണമെന്നുമുള്ള ഉദ്ദേശക്കാരനാണു് ഞാൻ.

CONTROL OF PRICES FOR COCOANUTS, COCOANUT CAKE AND COCOANUT OIL

9. മിസ്റ്റർ എം. കെ. വാഗീസ്സ് : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി നൽകുമൊ.—

നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില നിയന്ത്രിക്കുവാൻ ഇൻഡ്യാ ഗവൺമെണ്ടു് ആലോചിക്കുന്നതായി കൊച്ചി ഗവൺമെണ്ടിനു വല്ല അറിവും ഉണ്ടൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ടി കാര്യത്തെപ്പറ്റി ഇന്ത്യാഗവൺമെണ്ടുമായി ആലോചിച്ചു വരുകയാണു്.

PERINGALKUTHU HYDRO ELECTRIC SCHEME

10. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) പെരിങ്ങൽക്കുത്തു് ഹൈഡ്രൊ ഇലക്ട്രിക്കു് പദ്ധതിക്കു വേണ്ടതായ യന്ത്രസാമഗ്രികളും എല്ലാം ഗവൺമെണ്ടിനു ലഭിച്ചു കഴിഞ്ഞുവൊ ;

(ബി) ഈ പദ്ധതികൊണ്ടുള്ള ഗുണാനുഭവം കൊച്ചിക്കാർക്കു ഏതുകൊല്ലത്തിൽ ഉണ്ടാകുമെന്നാണു് പ്രതീക്ഷിക്കപ്പെടുന്നതു് ?

റാവുസാഹിബു് കെ. അയ്യപ്പൻ :

(എ) ഇല്ല. ഇക്കാലത്തു് ൪ മാസത്തോളം ഉല്പാദകരിൽനിന്നും വിലവിവരങ്ങളും ലഭിക്കുന്നതിനുതന്നെ എടുക്കുന്നു. ഓർഡർ കൊടുത്തതിനുശേഷം യന്ത്രസാമഗ്രികളും എത്തുന്നതിനു ൧൦ മാസക്കാലവും വേണ്ടിവരും.

(ബി) ൧൯൫൨-ൽ ഉണ്ടാകുമെന്നാണു് പ്രതീക്ഷ.

മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: മെഷിനറി വാങ്ങുന്നതിനുള്ള സാംഗ്ഷൻ ഇൻഡ്യാ ഗവർമെണ്ടിൽ നിന്നു കിട്ടിയിട്ടുണ്ടൊ?

റാവുസാഹിബു് കെ. അയ്യപ്പൻ: പ്രയോറിട്ടി കിട്ടിയിട്ടുണ്ടു്.

മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: മെഷിനറിക്കു് ഓർഡേഴ്സ് കൊടുത്തുകഴിഞ്ഞുവൊ?

റാവുസാഹിബു് കെ. അയ്യപ്പൻ: കിട്ടേണ്ട ചിലവിവരങ്ങളും കിട്ടിയിട്ടില്ല. അതുകൊണ്ടു് ചില ചില്ലറ സാമഗ്രികൾക്കു മാത്രമെ ഓർഡർ കൊടുത്തിട്ടുള്ളു. മോട്ടാർ യന്ത്രങ്ങളും വരുത്താതെ മറ്റുസാമഗ്രികളും വരുത്തീട്ടു കാര്യമില്ല. പ്രധാനപ്പെട്ട യന്ത്രങ്ങൾക്കു ഓർഡർ കൊടുക്കുവാൻ കുറച്ചുകൂടി താമസം വേണ്ടിവരും.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇൻഡ്യാഗവർമെണ്ടിൽനിന്നു് പ്രയോറിട്ടി എല്ലാ സാധനങ്ങൾക്കും അനുവദിച്ചിട്ടുണ്ടൊ?

റാവു സാഹിബു് കെ. അയ്യപ്പൻ: നോട്ടീസ്സു വേണം.

FRANCHISE COMMITTEE REPORT

11. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) (i) ഫ്രാഞ്ചൈസു് കമ്മിറ്റിക്കാർ അവരുടെ റിപ്പോർട്ടു് സമർപ്പിച്ചുവോ ;

(ii) അവരുടെ ശുപാർശകളെപ്പറ്റിയുള്ള ഗവൺമെണ്ടുത്തരവു പാസ്സാക്കിയൊ ;

(ബി) ഫ്രാഞ്ചൈസു കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങളെപറ്റി പലേ സമുദായങ്ങളുടെയിടയിലും പ്രതിഷേധമുള്ളതായി ഗവൺമെണ്ടിനറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly